**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1005** **09-10-2024 - ൽ മറുപടിയ്ക്ക്**

**മണപ്പാട്ട് ചിറയുടെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിൽ തീർത്ഥാടന കേന്ദ്രമായ മലയാറ്റൂർ അടിവാരത്ത് സ്ഥിതി ചെയ്യുന്ന മണപ്പാട്ട് ചിറയുടെ ശോചനീയാവസ്ഥ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇറിഗേഷൻ വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ വിഭാഗത്തിൽ ഉൾപ്പെടുത്തി ചിറയുടെ പൊട്ടിപ്പൊളിഞ്ഞ ഭാഗം നവീകരിക്കുന്നതിനും, പുഴയോട് ചേർന്ന് തകർന്ന് കിടക്കുന്ന പാർക്ക് നവീകരിക്കുന്നതിനും മതിയായ തുക നടപ്പ് വർഷം വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് പ്രപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2023-24 കാലയളവിൽ മണപ്പാട്ട് ചിറയുടെ പ്രധാനപ്പെട്ട ഭാഗങ്ങളിലെ കൈവരികളും ഗാർഡ് സ്റ്റോണുകളും അറ്റകുറ്റപ്പണികൾ നടത്തി കേടുപാടുകൾ പരിഹരിച്ചിട്ടുണ്ട്. മറ്റ് ഭാഗങ്ങളിലെ പൊട്ടിപ്പിളർന്ന നിർമ്മിതികൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപ്പുവർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. |
| (സി) | ബഹുമാനപ്പെട്ട മന്ത്രി 6381/വി.ഐ.പി/എം.(ഡബ്ല്യൂ.ആർ)/2022 നമ്പരായി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്തിന്മേൽ വകുപ്പ് നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത കത്തിൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം നടപ്പ വർഷത്തെ പ്ലാൻ/നോൺ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എസ്റ്റിമേറ്റ് തയ്യാറായിട്ടില്ലെങ്കിൽ മലയാറ്റൂരിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | മണപ്പാട്ട് ചിറയുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |
| (ഡി) | ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്ന പ്രദേശത്തെ ഇടമലയാർ ഇറിഗേഷൻ ഡിവിഷന്റെ ഉടമസ്ഥതയിലുള്ള ചിറ നവീകരിച്ച് സൗന്ദര്യവത്കരിക്കുന്നതിനും, ചിറയോട് ചേർന്ന് ഒരു | (ഡി) | മണപ്പാട്ട് ചിറയോട് ചേർന്ന് DTPC–യുടെ നിയന്ത്രണത്തിൽ ഒരു ചിൽഡ്രൻസ് പാർക്ക് പ്രവർത്തിക്കുന്നുണ്ട്. മണപ്പാട്ട് ചിറയുടെ നവീകരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ് |

| | | | |
|---|---|---|---|
| | പാർക്ക് നിർമ്മിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ